**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 200** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യയോഗ്യമല്ലാത്ത ഇറച്ചിക്കോഴി വിൽപ്പനയ്ക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യയോഗ്യമല്ലാത്ത ഇറച്ചിക്കോഴികൾ വിൽപ്പന നടത്തുന്നത് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഭക്ഷ്യയോഗ്യമല്ലാത്ത കോഴി ഇറച്ചി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ആയത് വിപണിയിൽ വരാതെ നശിപ്പിക്കുകയും, കുറ്റക്കാർക്കെതിരെ കോമ്പൗണ്ടിങ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | ചിക്കൻ സ്റ്റാളുകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കോമ്പൗണ്ടിംഗ് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ചിക്കനിൽ Antibiotic കളുടെ അമിത സാന്നിദ്ധ്യം ഉള്ളതായ സംശയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി ചിക്കൻ സ്റ്റാളുകൾ കേന്ദ്രീകരിച്ച് Raw chicken 65 സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചിട്ടുള്ളതാണ്. പരിശോധനാഫലം ലഭിച്ചിട്ടില്ല. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പരിശോധനകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ